# കേരള കാർഷിക സർവ്വകലാശാല
## കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രം
## സദാനന്ദപുരം പി. ഒ, കൊട്ടാരക്കര

**നോട്ടീസ്**

നമ്പർ എഫ്.എസ്.(2)421/19 തീയതി : 24.03.2022

കേരള കാർഷിക സർവ്വകലാശാലയുടെ ഭാഗമായ സദാനന്ദപുരത്തുള്ള കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിലെ സുരക്ഷ ജോലികൾക്കായി 2022-23 വർഷത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ താഴെപ്പറയുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി താൽപ്പര്യമുള്ള മിലിട്ടറി/പാരമിലിട്ടറി വിമുക്ത ഭടന്മാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

**വ്യവസ്ഥകളും നിബന്ധനകൾ**

1. മിലിട്ടറി/പാരമിലിട്ടറി സർവ്വീസിൽ നിന്ന് വിരമിച്ചവരിൽ നിന്നു സുരക്ഷ ജോലികൾക്കായി 2022-23 വർഷത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു.

   - അപേക്ഷകർ കൊല്ലം ജില്ലയിൽ നിന്നുള്ളവരായിരിക്കണം
   - പ്രായപരിധി :01.01.2022 –ൽ പരമാവധി പ്രായം 55 വയസ്സ്.
   - 10–ാം തരം പാസായിരിക്കണം
   - ദിവസേന 12 മണിക്കൂർ ഡ്യൂട്ടി (പകൽ/രാത്രി) ചെയ്യാൻ തയ്യാറുള്ളവർ മാത്രം അപേക്ഷിച്ചാൽ മതിയാകും.
   - അപേക്ഷകർ നല്ല കായികക്ഷമത ഉള്ളവരും, കുറഞ്ഞത് 165 സെ.മീ ഉയരമുള്ളവരുമായിരിക്കണം.
   - **<u>അഭിലഷണീയ യോഗ്യത</u>** :- 1. ഫയർ & സേഫ്റ്റി സർട്ടിഫിക്കറ്റ് 2. സുരക്ഷ ജോലിയിൽ ഒരു വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം.

2. അപേക്ഷയോടൊപ്പം ജനന തീയതി തെളിയിക്കുന്നതിനായി സ്ക്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പും, ആധാർ കാർഡിന്റെ പകർപ്പും, മിലിട്ടറി ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിരിക്കണം.
3. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷയിൽ പേര് , വയസ്സ്,ജനനത്തീയതി ,പൂർണ്ണ മേൽ വിലാസം, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തിയിരിക്കണം.
4. അപേക്ഷകർ 06/04/2022 –ന് രാവിലെ 10.30 –ന് അഭിമുഖത്തിനായി സ്റ്റേഷൻ മേധാവി അധ്യക്ഷനായ കമ്മിറ്റിയ്ക്ക് മുമ്പാകെ ഹാജരകേണ്ടതാണ്.
5. അപേക്ഷകരുടെ എണ്ണം നോക്കി ആവശ്യമെങ്കിൽ കായിക പരീക്ഷ നടത്തിയായിരിക്കും സെലക്ട് ലിസ്റ്റ് തയ്യാറാക്കുക.
6. സുരക്ഷാ ജോലികൾക്ക് നിയോഗിക്കപ്പെടുന്നവർ ക്രിമിനൽ പശ്ചാത്തലം ഉള്ളവരാവരുത്. ഏതെങ്കിലും കോടതിയിലോ പോലീസ് സ്റ്റേഷനിലോ ഇവർക്കെതിരായി കേസുകൾ നിലവിലില്ല എന്ന് സത്യാവാങ്മൂലം നൽകേണ്ടതാണ്. ജോലിയിലിരിക്കുമ്പോൾ ഇത്തരത്തിലുള്ള ഏതെങ്കിലും കേസുകൾ ഉണ്ടാകുന്ന പക്ഷം പ്രസ്തുത കാര്യം സംഭവം നടന്ന് 24 മണിക്കൂറിനകം സ്റ്റേഷൻ മേധാവിയെ രേഖമൂലം അറിയിക്കേണ്ടതാണ്.

7. സുരക്ഷ ജീവനക്കാരന്റെ സാന്നിദ്ധ്യം കൃത്യവും കാര്യക്ഷമവും തടസ്സമില്ലാത്തതുമായിരിക്കണം. ഫാം മേധാവി /ഫാമിന്റെ ചാർജുള്ള ശാസ്ത്രജ്ഞന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് രാത്രി സമയത്തും, പകൽ സമയത്തും മാറി മാറി സെക്യൂരിറ്റി ജോലി നിർവ്വഹിക്കുവാൻ ജീവനക്കാരൻ ബാദ്ധ്യസ്ഥനാണ്.

8. സുരക്ഷ ജോലിയിൽ നിയോഗിക്കപ്പെട്ട വ്യക്തിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ളതും യൂണിവേഴ്സിറ്റി അംഗീകരിച്ചതുമായ വേതനമല്ലാതെ യൂണിവേഴ്സിറ്റിയിലെ സ്ഥിരനിയമനത്തിനോ മറ്റു യാതൊരു വിധ ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല.

9. സെക്യൂരിറ്റി വീഴ്ചയുടെ ഭാഗമായുണ്ടാകുന്ന മോഷണം, വസ്തുവകകൾ നഷ്ടപ്പെടൽ തുടങ്ങിയ എല്ലാ നാശനഷ്ടങ്ങൾക്കും സുരക്ഷ ജീവനക്കാരൻ പൂർണ്ണയുത്തരവാദിയായിരിക്കും. ഇതുമുഖേനയുള്ള നഷ്ടങ്ങൾ സുരക്ഷ ജീവനക്കാരനിൽ നിന്നു തന്നെ ഈടാക്കുന്നതാണ്.

10. സുരക്ഷജീവനക്കാരന് എന്തെങ്കിലും ബാധ്യതകളോ, നാശനഷ്ടങ്ങളോ വന്നു ചേരുകയാണെങ്കിൽ അവ പരിഹരിച്ചു നൽകുന്നതിനു സർവ്വകലാശാലയ്ക്കോ, സ്ഥാപനത്തിനോ യാതൊരു ബാദ്ധ്യതയും ഉണ്ടായിരിക്കുന്നതല്ല.

11. സുരക്ഷ ജീവനക്കാരനായി തിരഞ്ഞെടുക്കുന്നവർ ജോലിയിൽ പ്രവേശിക്കുന്നതിനു മുമ്പായി 200 രൂപയുടെ മുദ്രപത്രത്തിൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെടേണ്ടതാണ്.

12. സുരക്ഷ ജോലികൾക്ക് നിയോഗിക്കപ്പെടുന്ന ജീവനക്കാർ, അവർക്ക് വേണ്ട യൂണിഫോം, ഷൂ, ബൽറ്റ് തുടങ്ങിയവ സ്വന്തം ചെലവിൽ വാങ്ങി ഉപയോഗിക്കേണ്ടതാണ്.

13. സുരക്ഷ ജീവനക്കാരന്റെ വേതനത്തിൽ നിന്നും സർക്കാർ നിരക്ക് പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കുന്നതാണ്.

14. സേവനം തൃപ്തികരമല്ലെങ്കിൽ, ഏതു സമയത്തും യാതൊരുകാരണവും കാണിക്കാതെ തന്നെ സേവനം നിർത്തലാക്കാനുള്ള അധികാരം പൂർണ്ണ സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.

ഒപ്പ്
പ്രൊഫസ്സർ ആന്റ് ഹെഡ്

പകർപ്പ് : നോട്ടിസ് ബോർഡ് (2)/ ഫാം മാനേജർ/
വെട്ടിക്കവല ഗ്രാമപഞ്ചായത്ത് /വെട്ടിക്കവല വില്ലേജ് / ഫയൽ

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

FARMING SYSTEMS RESEARCH STATION KERALA AGRICULTURAL UNIVERSITY
SADANANDAPURAM
KOTTARAKARA-691531